**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2268 08.12.2015-ൽ മറുപടിയ്ക്ക്**

## രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന നടപ്പാക്കിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ 14 ജില്ലകളിലും, നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) എല്ലാ ഗ്രാമീണ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുക, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും, മറ്റ് ബന്ധപ്പെട്ട കാര്യങ്ങളും അവലോകനം ചെയ്യുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാന തലത്തിലും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ജില്ലാ തലത്തിലും രൂപീകരിക്കപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികൾ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്ത് തുടർ നടപടികൾ നിർദ്ദേശിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ.**